"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ശ്രീനാഥ് എസ്.പിള്ള, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.996/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 19.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2792/2023/H&FWD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.ശ്രീനാഥ് എസ്. പിള്ള, ജൂനിയർ കൺസൽട്ടന്റ് സമർപ്പിച്ച അപ്പീൽ (Annexure A7)
3. OA No.996/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 19.06.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.ശ്രീനാഥ് എസ്. പിള്ള ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA No.996/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷകൻ സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3)അപ്പീലിലെ അപേക്ഷ:

പത്തനംതിട്ട താലൂക്ക് ആശുപത്രിയിൽ നിന്നും ഇടുക്കി നെടുങ്കണ്ടത്തിലേയ്ക്ക് സ്ഥലംമാറ്റി. ആയത് ഓപ്റ്റ് ചെയ്ത സ്ഥാപനമല്ല. ചങ്ങനാശ്ശേരി ജനറൽ ആശുപത്രി, പുളിങ്കുന്ന് താലൂക്ക് ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരെല്ലാം മൂന്നു വർഷത്തിൽ അധികമായി പ്രസ്തുത സ്ഥാപനങ്ങളിൽ തുടരുന്നു. അപേക്ഷിച്ച സ്ഥാപനങ്ങളിൽ സ്ഥലംമാറ്റം അനുവദിക്കണം.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷകൻ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ച സ്ഥാപനങ്ങളിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം ടിയാനെക്കാൾ യോഗ്യതയുള്ളവരെയാണ് നിയമിച്ചിട്ടുള്ളത്. 20/12/2018 മുതൽ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ദിയ തോമസിനെ റാന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിലും, 29/06/2018 മുതൽ കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.പ്രീജ.എസ്.-നെ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലും, 26/06/2014 മുതൽ റാന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ചിത്ര സാം-നെ കോന്നി താലൂക്ക് ആശുപത്രിയിലും, 26/12/2018 മുതൽ പീരുമേട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.രേണു.ആർ.-നെ വാകത്താനം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലും, 10/09/2018 മുതൽ ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി നോക്കുന്ന ഡോ.മൈക്കൽ തോമസിനെ പുളിങ്കുന്ന് താലൂക്ക് ആസ്ഥാന ആശുപത്രിയിലും, 06/03/2020 മുതൽ കണ്ണൂർ മങ്ങാട്ടുപറമ്പ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ജിഷാ ജേക്കബിനെ ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലും നിയമിച്ചു. മേൽ സ്ഥാപനങ്ങൾ കൂടാതെ, ടിയാൾ സ്ഥലംമാറ്റം ആവശ്യപ്പെട്ട ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലും മാവേലിക്കര ജില്ലാ ആശുപത്രിയിലും പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്ഥലംമാറ്റാൻ കഴിയുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. ആയതിനാൽ അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ

നിരസിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശ്രീനാഥ് എസ്. പിള്ള 2023 പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരെ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.996/2023-മേലുള്ള 19.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി.
**Dr.Sreenath S. Pillai, Junior Consultant (Paediatrics), Thalachira House, Vallamkulam.P.O., Thiruvalla, Pathanamthitta - 689 541.**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 25-10-2023 17:23:53
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1 - 5160/2023/ആ.വ.ഡ, തീയതി 26.10.2023
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Thuy.S1
ആ.വ.ഡയ്ക്ക് വേണ്ടി



0381728